©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 മേയ് 30<br>30th May 2017<br>1192 ഇടവം 16<br>16th Idavam 1192<br>1939 ജ്യേഷ്ഠം 9<br>9th Jyaishta 1939 | നമ്പർ<br>No. | 22 |

# PART III

# Fire Force Department

**ദർഘാസ്/ലേല പരസ്യം**

നമ്പർ ഡി2-3638/2016. 2017 മേയ് 3.

അഗ്നിരക്ഷാ സേവന വകുപ്പ് വക പെരുമ്പാവൂർ അഗ്നിരക്ഷാ നിലയത്തിലെ ജീപ്പ് കെ. എൽ.-01 എ 5628 ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും 21-6-2016-ാം തീയതി പകൽ 11 മണിക്ക് പെരുമ്പാവൂർ അഗ്നിരക്ഷാ നിലയ പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തോടൊപ്പം മുദ്രപതിപ്പിച്ച ടെണ്ടറുകളും ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറുകൾ 19-6-2017-ാം തീയതി പകൽ 3 മണിവരെ നേരിട്ടോ തപാൽ വഴിയോ സ്വീകരിക്കുന്നതാണ്. 3 മണിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. മുദ്രപതിപ്പിച്ച ടെണ്ടറുകൾ ഉൾക്കൊള്ളുന്ന കവറിന്റെ പുറത്ത് "അഗ്നി രക്ഷാ സേവന വകുപ്പ് വക ജീപ്പ് കെ. എൽ.-01 എ 5628 വാങ്ങുന്നതിനുള്ള ടെണ്ടർ" എന്ന് ആലേഖനം ചെയ്തിരിക്കേണ്ടതാണ്. പരസ്യലേലത്തിനുശേഷം നേരത്തെ ലഭിച്ചിട്ടുള്ള ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിൽ കേട്ട തുകയോ ടെണ്ടറിൽ കൊടുത്ത തുകയോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ടെണ്ടർ നൽകിയിരിക്കണമെന്ന് നിർബന്ധമില്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ` 1,000 നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. ടി വാഹനം ടെണ്ടർ വഴി വാങ്ങാൻ ആഗ്രഹിക്കുന്നവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി ` 1,000-ന്റെ ക്രോസ് ചെയ്യാത്ത ബാങ്ക് ഡ്രാഫ്റ്റ് "ഡിവിഷണൽ ഓഫീസർ, ഫയർ ആന്റ് റെസ്ക്യു സർവീസസ്, ഗാന്ധിനഗർ, എറണാകുളം-20" എന്ന വിലാസത്തിൽ ടെണ്ടറിനോടൊപ്പം അയയ്ക്കേണ്ടതാണ്. അവർ ലേല സമയത്ത് ഹാജരായിരിക്കേണ്ടതാണ്. എന്നാൽ നിരതദ്രവ്യം അടയ്ക്കേണ്ടതില്ല. ഏറ്റവും കൂടുതൽ ലേലം വിളിക്കുന്ന/ടെണ്ടർ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം കൊള്ളുന്ന ആൾ ലേലത്തുകയുടെ 25% അപ്പോൾത്തന്നെ അടയ്ക്കേണ്ടതുമാണ്. തുകയും മൊത്തം തുകയ്ക്കുള്ള വില്പന നികുതിയും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം അടയ്ക്കേണ്ടതും സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും വാഹനം നീക്കം ചെയ്യേണ്ടതുമാണ്. നിശ്ചിത ദിവസത്തിനകം വാഹനം നീക്കം ചെയ്തില്ലെങ്കിൽ ആയതിന് സംഭവിക്കുന്ന യാതൊരു കഷ്ടനഷ്ടങ്ങൾക്കും ഫയർ ആന്റ് റെസ്ക്യു സർവീസസ് വകുപ്പോ സർക്കാരോ ഉത്തരവാദിയായിരിക്കുന്നതല്ല. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്ന ആളിന്റെ ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കികൊടുക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ ഒടുക്കിയ തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽനിന്നും റവന്യൂ റിക്കവറി ചട്ടങ്ങൾ പ്രകാരം ഈടാക്കുന്നതാണ്. എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുക ലഭിക്കുകയാണെങ്കിൽ അതിൽ യാതൊരു അവകാശവും ആദ്യ ലേലക്കാരന് ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടർ സമർപ്പിക്കുന്നവരും മേൽപ്പറഞ്ഞ നിബന്ധനകൾ അതേപടി പാലിക്കേണ്ടതാണ്. താൽപ്പര്യമുള്ളവർക്ക് പെരുമ്പാവൂർ സ്റ്റേഷൻ ഓഫീസറുടെ അനുമതിയോടെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് നേരിട്ട് പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടർ നടപടികൾ മാറ്റിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനും ടെണ്ടറുകൾ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വെച്ചിരിക്കുന്ന ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഡിവിഷണൽ ഓഫീസറുടെ കാര്യാലയം,
അഗ്നിരക്ഷാ സേവനം,
എറണാകുളം,                (ഒപ്പ്)
കൊച്ചി-20.                ഡിവിഷണൽ ഓഫീസർ.